**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2220** **21-06-2024 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തര ഹൃദയസ്തംഭനം പ്രത്യേകിച്ച് 18-45 പ്രായപരിധിയിലുള്ളവരിൽ കൂടുതലായി കണ്ടു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇപ്രകാരം ഈ പ്രായപരിധിയിലുള്ള എത്ര പേർ കുഴഞ്ഞ് വീണ് മരണപ്പെട്ടുവെന്ന കണക്കുകൾ നൽകുമോ; | (എ) | കോവിഡാനന്തര ഹൃദയസ്തംഭനം പ്രായം കുറഞ്ഞവരിലും ഉണ്ടാകുന്നതായി ലോകത്തിൻറെ പല ഭാഗങ്ങളിൽ നിന്നുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നുവെങ്കിലും 18-45 വയസ്സിനിടയിലുണ്ടാകുന്ന ഹൃദയസ്തംഭനം മൂലമുള്ള മരണങ്ങൾ കോവിഡിന്റെ സങ്കീർണ്ണതകൾ കൊണ്ടു സംഭവിച്ചതാണോയെന്ന് തെളിയിക്കുന്നതിനായി പരിശോധനകളൊന്നും തന്നെ സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിൽ ചെയ്യുന്നില്ല. |
| (ബി) | കോവിഡ് വാക്സിനും കുഴഞ്ഞുവീണുള്ള മരണവും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പഠന വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പെട്ടെന്നുണ്ടാകുന്ന മരണങ്ങളും കോവിഡ് വാക്സിനും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആരോഗ്യ വകുപ്പ് പഠനങ്ങളൊന്നും നടന്നിട്ടില്ല. എന്നാൽ ഐ.സി.എം.ആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപിഡെമിയോളജി ഇത്തരത്തിലുള്ള ഏഴായിരത്തിൽ അധികം ആളുകളിൽ നടത്തിയിട്ടുള്ള പഠനങ്ങൾ നേരത്തെ കണ്ടെത്താത്തതോ കണ്ടെത്തിയതോ ആയ ജീവിതശൈലി രോഗങ്ങൾ, പൊണ്ണത്തടി, പുകവലി തുടങ്ങിയവയാണ് ഇത്തരത്തിലുള്ള മരണങ്ങൾക്ക് കാരണമാകുന്നതെന്നും കോവിഡ് വാക്സിനേഷൻ ആളുകളെ മരണത്തിൽ നിന്നും കൂടുതൽ സംരക്ഷിച്ചിട്ടുണ്ടെന്നുമാണ് കാണിക്കുന്നത്. പോസ്റ്റ് കോവിഡ് എന്ന പ്രതിഭാസം ഉണ്ടാവുകയും അത് തീവ്രമാകുന്ന പക്ഷം പെട്ടെന്നുള്ള മരണത്തിന് കാരണമാവുകയും ചെയ്യുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. കോവിഡ് വാക്സിൻ സ്വീകരിക്കുന്നവരിൽ രക്തം കട്ടപിടിക്കുന്നതിനുള്ള സാധ്യത വളരെ വിരളമായെങ്കിലുമുണ്ടാകാമെന്ന് പഠനങ്ങൾ പുറത്തു വന്നിട്ടുണ്ട്. |
| (സി) | കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾക്ക് മതിയായ ചികിത്സയും ആവശ്യമായ ബോധവൽക്കരണവും | (സി) | കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ നിരീക്ഷിക്കാനും ചികിത്സ നൽകുന്നതിനുമായി മെഡിക്കൽ കോളേജുകളിലും, ആരോഗ്യ വകുപ്പിനു |

| | | | |
|---|---|---|---|
| | നടത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ? | | കീഴിലെ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ഒ.പികൾ പ്രവർത്തിച്ചിരുന്നു. രോഗലക്ഷണം കണ്ടെത്തുന്ന മുറയ്ക്ക് അവ ചികിത്സിക്കുന്നതിനും ഗുരുതര സ്വഭാവമുള്ള രോഗികളെ തുടർ പരിശോധനയ്ക്കായി ബന്ധപ്പെട്ട സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേക്ക് റഫർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിരുന്നു. പോസ്റ്റ് കോവിഡ് രോഗലക്ഷണങ്ങളെക്കുറിച്ചും, തുടർ ചികിത്സയെക്കുറിച്ചും പൊതുജനങ്ങൾക്കായി ബോധവത്കരണവും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ